LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിൽ ഭൂമി പതിച്ചുനൽകാൻ നടപടി

191 (1247) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാം ആണ്ടിൽ കണ്ണൂർ ജില്ലാ കലക്ടറുടെ രണ്ട് ഉത്തരവുകൾ പ്രകാരം 81 ഭൂരഹിതർക്ക് പെരിന്തട്ട വില്ലേജിൽ പതിച്ച് കൊടുത്ത ഭൂമി നാളിതുവരെ ഗുണഭോക്താക്കൾക്ക് അനുഭവവേദ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)11557/10 നമ്പർ കേസ് നിലവിലുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല

കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

192 (1248) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് വർഷങ്ങളായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം വില്ലേജാഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് 18-2-2012-ൽ ഭരണാനുമതി നൽകുകയും 2-11-2012-ൽ പണികൾ പൂർത്തീകരിക്കുകയും ചെയ്തു. കൃഷ്ണപുരം വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 22.65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്.